## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1065 05/03/2020-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങൾ ഹരിതാഭമാക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അന്തരീക്ഷ താപനില ക്രമാനുഗതമായി വർദ്ധിച്ചു വരുന്ന ഈ കാലത്ത് അതിന്റെ തീക്ഷണത ഏറ്റവും അനുഭവിക്കേണ്ടിവരുന്ന ഒരു വിഭാഗമാണ് വിദ്യാർത്ഥികൾ എന്നിരിക്കെ വിദ്യാലയങ്ങൾ ഹരിതാഭമാക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാലയങ്ങൾ ഹരിതാഭമാക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 5493 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങൾ സ്വമേധയാ ജൈവ വൈവിധ്യ പദ്ധതി നടപ്പിലാക്കി വിദ്യാലയങ്ങൾ ഹരിതാഭമാക്കി സംരക്ഷിച്ചു വരുന്നുണ്ട്. |
| (ബി) | വിദ്യാലയങ്ങളിൽ അനുയോജ്യമായ വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുകയും അത് പരിപാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക എന്നുള്ളത് ഒരു കർശന നിയമമായി കൊണ്ടുവരാൻ സർക്കാരിന് സാധിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സ്കൂളുകളിൽ പൂന്തോട്ടവും, തണൽ വൃക്ഷങ്ങളും നട്ട് പരിപാലിക്കണമെന്ന വ്യവസ്ഥ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിലവിലുണ്ട്. |

Reena

സെക്ഷൻ ഓഫീസർ